**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4256** **06-03-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തുവാൻ ധനകാര്യ പരിശോധന വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് 24-02-2003ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.113/2003/ഫിൻ, 19-12-2005 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.543/2005/ഫിൻ, 19-01-2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.25/07/ഫിൻ, 02-08-2008 ലെ സർക്കുലർ നം. 41/2008/ഫിൻ എന്നിവ പ്രകാരം ധനകാര്യ (പരിശോധന - നോൺ ടെക്നിക്കൽ - എഫ്) വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തി ദുരുപയോഗം കണ്ടെത്തുന്ന കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ പിഴയോ, അച്ചടക്കനടപടിയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിപാർശ ചെയ്തുകൊണ്ടുള്ള പരിശോധന റിപ്പോർട്ട് തുടർ നടപടികൾക്കായി ഭരണവകുപ്പിന് നൽകിവരുന്നുണ്ട്. |
| (ബി) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച പരിശോധനകൾ ഇപ്പോൾ ധനകാര്യ പരിശോധന വിഭാഗം കാര്യക്ഷമമായി നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുവാൻ അനുമതിയില്ലാത്ത ഉദ്യോഗസ്ഥർ പോലും വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച പരിശോധനകൾ ഇപ്പോൾ ധനകാര്യ പരിശോധന വിഭാഗം കാര്യക്ഷമമായി നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ ധനകാര്യ പരിശോധന വിഭാഗത്തിന് നിർദേശം നൽകുമോ? | (സി) | 'ബി' പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ